/79813/2023

"ഭരണഭാഷ-മാതൃഭാഷ"

No. DWCD/1211/2022-ICDSA6

വനിത ശിശുവികസന
ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 05-02-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫിസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- മികച്ച 'വർണ്ണക്കൂട്ട്' തെരഞ്ഞെടുക്കുന്നത് - നിർദേശങ്ങൾ- സംബന്ധിച്ച്:-

സൂചന:-
1. ഈ കാര്യാലയത്തിൽ നിന്നുള്ള 01.07.2022 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.
2. വനിതാ ശിശുവികസന ഡയറക്ടറുടെ 14.10.2022. തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

സൂചനകളിലെയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്തെ കൌമാര ക്ലബ്ബുകൾ (വർണ്ണക്കൂട്ട്) പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന അങ്കണവാടികൾ കണ്ടെത്തി അവയുടെ പ്രവർത്തനം വിലയിരുത്തി, ലഭ്യമാക്കിയിട്ടുള്ള ചെക്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് തലത്തിലും, ജില്ലാതലത്തിലും മികച്ച 'വർണ്ണക്കൂട്ട്' കണ്ടെത്തുവാനും ആയതു ഫെബ്രുവരി 10 നകം റിപ്പോർട്ട് ചെയ്യുവാനും ജില്ലകൾക്ക് നിർദേശം നൽകിയിരുന്നു. 2022 ജനുവരി മുതൽ ഡിസംബർ വരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് മികച്ച 'വർണ്ണക്കൂട്ട്' തെരഞ്ഞെടുക്കുവാൻ ആവശ്യപ്പെട്ടിരുന്നത്. സൂചന (2) പ്രകാരം ആയതിലെയ്ക്കുള്ള ഫണ്ടും അനുവദിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മാർച്ച് 8 നുള്ള വനിതാദിന പരിപാടിയോടനുബന്ധിച്ച് അവാർഡുകൾ വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദേശിക്കുന്നു.

മേൽ സാഹചര്യത്തിൽ തെരഞ്ഞെടുത്ത 'വർണ്ണക്കൂട്ട'കളുടെ വിശദാംശം (1. ICDS ന്റെ പേര് ,2 .LSGD യുടെ പേര് , 3. AW no) എന്നിവ excel sheet ൽ ജില്ല തലത്തിൽ consolidate ചെയ്തു directorate (icdsasection@gmail.com) ലേക്ക് നൽകുന്നതിനു പ്രോഗ്രാം ഓഫീസർമാർക്ക് നിർദ്ദേശം നൽകുന്നു.

കൂടാതെ ഓരോ പ്രോജക്റ്റിലും തെരെഞ്ഞെടുത്ത 'വർണ്ണക്കൂട്ട'കൾക്കുള്ള അവാർഡ് തുക ബന്ധപ്പെട്ട അങ്കണവാടി വർക്കറിന്റെ account ലേക്ക് നൽകേണ്ടതാണ് . മേൽ തുക ബന്ധപ്പെട്ട ALMC യുമായി കൂടിയാലോചിച്ച്, തീരുമാനം പ്രകാരം കൌമാര കുട്ടികളുടെ ഉന്നമനത്തിനുതകുന്ന തരത്തിൽ ചെലവഴിക്കേണ്ടതാണ് . ആയതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ CDPO/supervisors നൽകേണ്ടതാണ് എന്നുകൂടി അറിയിക്കുന്നു.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ

Signed by Priyanka G
Date: 05-02-2023 09:34:35